## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3726

**20.07.2015** -ൽ
മറുപടി പറയേണ്ടിയിരുന്നത്

# പുതിയതായി ആരംഭിക്കുന്ന കോളേജുകൾ

**ചോദ്യം**
ശ്രീ. സി.ദിവാകരൻ

**ഉത്തരം**
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്; | (എ) & (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം അട്ടപ്പാടിയിൽ ഒരു ഗവൺമെന്റ് കോളേജും സർക്കാർ/എയ്ഡഡ് കോളേജുകൾ നിലവിലില്ലാതിരുന്ന 22 നിയോജക മണ്ഡലങ്ങളിൽപ്പെട്ട 17 മണ്ഡലങ്ങളിൽ ഓരോ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് വീതവും വേങ്ങര നിയോജക മണ്ഡലത്തിൽ ഒരു എയ്ഡഡ് കോളേജും അനുവദിച്ചു. തുടർന്ന് കൊല്ലം ജില്ലയിലെ കുര്യോട്ടുമല, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി , മലപ്പുറം ജില്ലയിലെ വണ്ടൂർ എന്നിവിടങ്ങളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ സംഘടനകൾക്കായി ഒരോ കോളേജു വീതം ആകെ 3 എയ്ഡഡ് കോളേജുകളും, പത്തനംതിട്ട ജില്ലയിലെ ഇലന്തൂരിൽ ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജും, മലപ്പുറത്ത് ഒരു സർക്കാർ വനിത കോളേജും അനുവദിച്ചു. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ സർക്കാർ കോളേജ് തുടങ്ങുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വൈപ്പിൻ നിയോജക മണ്ഡലത്തിൽ കോളേജ് തുടങ്ങുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ആലത്തൂർ, മലമ്പുഴ എന്നീ 2 മണ്ഡലങ്ങളിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിഗണിക്കുന്നതാണ്. |
| (ബി) | ബഡ്ജറ്റിൽ പ്രസ്താവിച്ചതു പ്രകാരം അടിയന്തിരമായി ആരംഭിക്കാൻ പ്രപ്പോസലുകൾ ഉള്ള കോളേജുകൾ ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ